വച്ച് വല്ല ആദായവും ഉണ്ടായിരിയ്ക്കുമെന്നു ഗവമ്മെൻറിനു ഉദ്ദേശമുണ്ടോ?

രാമവമ്മതമ്പുരാൻ.—അങ്ങിനെ ഉദ്ദേശിയ്ക്കുവാൻ നിവൃത്തിയില്ല. സംഘം സിക്രട്ടറിയ്ക്കു തന്നെയാണു കൊടുത്തിരിയ്ക്കുന്നതു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ സിക്രട്ടറിയ്ക്കു കൊടുക്കുന്നതുകൊണ്ടു് സൊസൈറ്റി അംഗങ്ങൾക്കു വല്ല ആദായവും ഉണ്ടാകുവാനിടയുണ്ടോ?

രാമവമ്മതമ്പുരാൻ.—സംഘാംഗങ്ങൾക്കു് ഒരു വേലയുണ്ടാക്കുവാൻ വേണ്ടിയാണു് സിക്രട്ടറിയെ ഏല്പിച്ചിരിയ്ക്കുന്നതു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇതിലുള്ള ആദായങ്ങളും കൺട്രാക്ടുകാർ തനിച്ചെടുക്കുന്നുവോ, അല്ല സൊസൈറ്റിക്കും കൊടുക്കുന്നുവോ?

രാമവമ്മതമ്പുരാൻ.—സൊസൈറ്റിയ്ക്കാണു് ആദായം വെയ്ക്കുക.

Arrest of Mr. Maman Chohan prior to appointment as Protector of the Depressed Classes.

131. മിസ്റ്റർ കെ. പി. വള്ളോൻ.—മിസ്റ്റർ മാമൻ ചോഹൻ അധഃകൃത സംരക്ഷകനാകുന്നതിനുമുമ്പു് അദ്ദേഹത്തെ ഗവമ്മെണ്ടു വല്ല കാരണവശാലും അറസ്റ്റു് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്തെന്നു ന്യായമായ അന്വേഷണം നടത്തി മറുപടി പറയുമോ?

രാമവമ്മതമ്പുരാൻ.—ഒരിയ്ക്കലും അറസ്റ്റു് ചെയ്തിട്ടില്ല.

Appointment of Depressed Classes candidates in the Cotton Hostel and the Chalakudi Colony.

132. മിസ്റ്റർ കെ. പി. വള്ളോൻ.—കോട്ടൻ ഹോസ്റ്റൽ വാർഡൻ, ചാലക്കുടി കോളനി മാനേജർ എന്നിവരുടെ അടുത്തുണ്ടായ നിയമനത്തിനു മുമ്പു് സ്കൂൾ ഫൈനൽ പാസ്സായ അധഃകൃതർ വല്ലവരും സംരക്ഷണ ഡിപ്പാർട്ടുമെണ്ടിൽ വല്ല ഉദ്യോഗത്തിനെങ്കിലും അപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽടി ഒഴിവിൽ എന്തുകൊണ്ടു അധഃകൃതരെ നിയമിച്ചില്ല?

രാമവമ്മതമ്പുരാൻ.—ഈ ഒഴിവുകൾക്കു് പരീക്ഷ പാസ്സായ അധഃകൃതരുടെ അപേക്ഷയൊന്നും കിട്ടിയിരുന്നില്ല. സ്കൂൾ ഫൈനൽ പാസ്സായ അധഃകൃത സ്ഥാനാർത്ഥികൾക്കു് എല്ലാവക്കും സംരക്ഷക ഡിപ്പാർട്ടുമെണ്ടിലും മറ്റും ഉദ്യോഗം നല്കിയിട്ടുണ്ടു്. അപേക്ഷകന്മാർ ആരും തന്നെ ഇപ്പോൾ ഉദ്യോഗം കിട്ടാതെ ബാക്കി നില്പില്ല.

LIBRARY ARCHIVES Kerala Legislative Assembly